പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3029 20.06.2014-ലെ മറുപടിക്ക്

മിൽമ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശശി | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) മിൽമ ചെയർമാന് ഭരണസമിതിയിൽ തുടരുവാനുള്ള അർഹതയിൽ സംശയം പ്രകടിപ്പിച്ചും പരിശോധന ആവശ്യപ്പെട്ടും മിൽമ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) | മിൽമ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ഭരണസമിതിയംഗവും ആവണിശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം പ്രസിഡന്റുമായ ശ്രീ.പി.എ.ബാലൻ മാസ്റ്റർക്ക് ഭരണസമിതിയിൽ തുടരുവാനുള്ള യോഗ്യത സംബന്ധിച്ച് തീരുമാനം അറിയിക്കുന്നതിനായി മിൽമയുടെ എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ മാനേജിംഗ് ഡയറക്ടർ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ട് അഭിപ്രായത്തിനായി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.<br>ആവണിശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ലാത്തതിനാൽ 15.01.2012 മുതൽ 18.02.2012 വരെ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് നിലവിലുണ്ടായിരുന്നത്. ടി സംഘത്തിന്റെ മുൻ പ്രസിഡന്റായിരുന്ന ശ്രീ.ബാലൻ മാസ്റ്ററും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗമാകുകയും, അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം യൂണിയൻ പ്രതിനിധിയായി തുടരുകയും ചെയ്തു. തുടർന്ന് ഭരണസമിതി തെരെഞ്ഞെടുപ്പിൽ ശ്രീ. ബാലൻ മാസ്റ്റർ സംഘം പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 8/02/2010 മുതൽ എറണാകുളം മേഖലാ യൂണിയനിൽ ഭരണസമിതിയംഗമായി തെരഞ്ഞെടുക്കപ്പെട്ട് നിലവിൽ തുടരുന്ന ശ്രീ.പി.എ.ബാലൻ മാസ്റ്റർക്ക് എറണാകുളം മേഖലായൂണിയൻ ഭരണസമിതിയിൽ തുടരുന്നതിന് നിയമതടസ്സം ഉള്ളതായി കാണുന്നില്ലായെന്നും ഇക്കാര്യത്തിൽ രജിസ്ട്രാർ തന്നെ തീരുമാനം എടുക്കേണ്ടതും ഏതെങ്കിലും വിഷയത്തിൽ കൂടുതൽ വ്യക്തത ആവശ്യമാണ് എങ്കിൽ ആയത് |

| | | | |
|---|---|---|---|
| | | | ചൂണ്ടിക്കാണിച്ചാൽ വിശദമായി പരിശോധിക്കാം എന്നും രജിസ്ട്രാർ കൂടിയായ ക്ഷീരവികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. |
| (ബി) | പ്രാഥമിക ക്ഷീരസംഘം പ്രസിഡന്റുമാർക്ക് മാത്രമേ മിൽമ ഡയറക്ടറാകാൻ സാധിക്കുവെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | കേരളാ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ബൈലോ ക്ലോസ് 20 (V) പ്രകാരം ആനന്ദ് മാതൃക ക്ഷീരസഹകരണ സംഘം പ്രസിഡന്റുമാരെയാണ് മേഖലാ യൂണിയൻ പ്രതിനിധിയായി ഭരണസമിതിയിൽ ഉൾപ്പെടുത്തേണ്ടത്. |
| (സി) | തൃശ്ശൂർ അവണിശ്ശേരി ക്ഷീരസംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണത്തിൻകീഴിലായിരിക്കുന്ന സമയത്ത് പ്രസ്തുത സംഘത്തെ പ്രതിനിധാനം ചെയ്ത് ആരെങ്കിലും മിൽമയുടെ ഡയറക്ടർ ആയിട്ടുണ്ടോ; പേര് വിവരം നൽകാമോ ? | (സി) | ഉണ്ട്. ശ്രീ. പി.എ. ബാലൻ മാസ്റ്റർ. |

സെക്ഷൻ ഓഫീസർ